# നോർത്ത് പറവൂരിൽ വൻ ഗഞ്ചാവ് വേട്ട



മാനസിർ



റിയാസ്

എറണാകുളം റേഞ്ച് I.G.P ശ്രീ. പി. വിജയൻ IPS അവർകളുടെ നേതൃത്വത്തിൽ രൂപികരിച്ച Range Anti Narcotic Squad ന്റെ എറണാകുളം റൂറൽ ജില്ലാ ടീമിന്റെ നേതൃത്യത്തിൽ നടത്തിയ പരിശോധനയിൽ, കാറിൽ കടത്തി കൊണ്ട് പോകുകയായിരുന്ന 10 കിലോയോളം കഞ്ചാവുമായി 2 പേരെ നോർത്ത് പറവൂരിൽ നിന്നും അറസ്റ്റു ചെയ്തു.

ബഹു. I.G.P യുടെ നിർദ്ദേശാനുസരണം എറണാകുളം ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി ജോർജ് IPS അവർകൾ രൂപീകരിച്ച എറണാകുളം റൂറൽ ജില്ലാ പോലീസ് ആൻറിനർക്കോട്ടിക്ക്സ് സ്വാഡ് ഇന്നലെ (11-7-2017) ബഹു. പെരുമ്പാവൂർ DYSP ശ്രീ. ജി. വേണു അവർകളുടെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസം മയക്കുമരുന്നുമായി അറസ്റ്റു ചെയ്ത റോഷൻ എന്ന ആളെ ചോദ്യം ചെയ്തതിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ കാസർകോട്ട് ഭാഗത്തു നിന്നും വൻതോതിൽ കഞ്ചാവ് എറണാകുളം ഭാഗത്തേയ്ക്ക് എത്തിക്കുന്നുണ്ട് എന്ന് ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിലാണ് റെയ്ഡ് നടന്നത്.

കാസർക്കോട്ട് നിന്നും KL-60/M 1659 നമ്പർ കാറിൽ എറണാകുളത്തേയ്ക്ക് NH-17 വഴി കഞ്ചാവ് കടത്തി കൊണ്ടു വരുന്നുണ്ടെന്ന അറിവ് കിട്ടിയതു പ്രകാരം പെരുമ്പാവൂർ

DYSP ജി. വേണു, നോർത്ത് പറവൂർ CI ക്രിസ്പിൻ സാം, SI T.V ഷിബു എന്നിവരുടെ നേതൃത്വത്തിൽ നോർത്ത് പറവൂരിൽ പല സ്ഥലങ്ങളിലായി വാഹന പരിശോധന നടത്തി വരവെ NH-17 ലൂടെ കഞ്ചാവുമായി വന്ന കാർ പറവൂർ മുൻസിപ്പൽ ജംഗ്ഷനിൽ വച്ച് കൈകാണിച്ചിട്ട് നിറുത്താതിരുന്നതിനെ തുടർന്ന് സാഹസീകമായി പിൻതുടർന്ന് പെരുമ്പടന്ന ഡോൺബോസ്കോ പള്ളിക്ക് സമീപം വച്ച് കാറ് ബ്ലോക്ക് ചെയ്താണ് പ്രതികളെ പിടികൂടിയത്.

കാസർകോട്ട് നീലീശ്വരം സ്വദേശികളായ മണ്ടിൻ വീട്ടിൽ റിയാസ്, 25 വയസ്സ്, മുബഷിർ മൻസിൽ വീട്ടിൽ മനാസ്സിർ, വയസ്സ് 28 എന്നിവരേയാണ് അറസ്റ്റു ചെയ്തത്. ടിയാൻമാർ സഞ്ചരിച്ച കാറിലുണ്ടായിരുന്ന 10 കിലോയോളം കഞ്ചാവും പിടിച്ചെടുത്തു.

പ്രതികൾ വിദേശയാത്ര നടത്തിയിട്ടുള്ളതും കഞ്ചാവ് കേസ്സിൽ പ്രതിയായിട്ടുള്ളവരുമാണ്. പ്രതികൾക്കും ഗുഢസംഘത്തിനും കാരിയർമാർ വഴി ദുബായിലേയ്ക്കും കുവൈറ്റിലേയ്ക്കും മയക്കുമരുന്ന് കടത്തുന്ന ഏർപ്പാട്ട് ഉള്ളതായും തീവ്രവാദ ബന്ധമുള്ളതായും സംശയിക്കുന്നുണ്ട്.

എയർപ്പോർട്ടുകൾ വഴി യുവാക്കൾക്ക് വൻ പ്രതിഫലം നൽകി ഫയലുകൾ വിദേശരാജ്യങ്ങളിലേക്ക് എത്തിക്കണം എന്ന് ചുമതലപ്പെടുത്തി അയക്കുകയും അവർ പോലും അറിയാതെ ബാഗുകളിൽ മയക്കുമരുന്നുകൾ ഒളിപ്പിച്ച് വച്ച് വിദേശത്തുള്ള ഏജൻ്റിനെ ഏൽപ്പിച്ച് യുവാക്കളായ ക്യാരിയർമാർ തിരികെ പോരുന്നതുമാണ് ഇവരുടെ രീതി എന്നും അന്വേഷണത്തിൽ നിന്നും അറിയുവാൻ കഴിഞ്ഞിട്ടുള്ളതാണ്

പ്രതികളെ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി A.V ജോർജ് IPS അവർകളുടെ നേതൃത്വത്തിൽ വിശദമായി ചോദ്യം ചെയ്തു വരുന്നു.

പെരുമ്പാവൂർ DYSP ജി. വേണു, നോർത്ത് പറവൂർ CI ക്രിസ്പിൻ സാം, SI T.V ഷിബു, SI അനീഷ്, ASI ജോയി, രഘുനാഥ്, പോലീസ് ഉദ്യോഗസ്ഥന്മാരായ വിജയ് പി വർഗീസ്, രാജേഷ്, ശ്യാംകുമാർ, ബിജു, അജീഷ്, സെബാസ്റ്റിൻ, ലോഹിതാക്ഷൻ, ബിജു,രഘുനാഥൻ, ബിജു എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.